## പതിമൂന്നാം കേരളനിയമസഭ
## പതിനൊന്നാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം: 5109** — **30.06.2014 -ലെ മറുപടിക്ക്**

### ബേബിയുടെ മരണം സംബന്ധിച്ച അന്വേഷണം

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. മോൻസ് ജോസഫ്** | **ശ്രീ. രമേശ് ചെന്നിത്തല**<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| (എ) കടുത്തുരുത്തി നിയോജകമണ്ഡലത്തിലെ ഉഴവൂർ പഞ്ചായത്ത് മോനിപ്പള്ളി വില്ലേജിൽ ജോസഫ് കുര്യന്റെ(ബേബി) ദുരൂഹ മരണത്തിന്റെ അന്വേഷണ പുരോഗതി വ്യക്തമാക്കാമോ ; | (എ) ജോസഫ് കുര്യന്റെ മരണവുമായി ബന്ധപ്പെട്ട് കടുത്തുരുത്തി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 207/14 പ്രകാരം കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തി വരവെ കൃത്യം നടന്ന സ്ഥലം കൂത്താട്ടുകുളം പോലീസ് സ്റ്റേഷൻ പരിധിയിലാണെന്ന് കണ്ടതിനാൽ പ്രസ്തുത കേസ് കൂത്താട്ടുകുളം പോലീസ് സ്റ്റേഷനിൽ ക്രൈം. 231/14 പ്രകാരം റീ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിയിട്ടുള്ളതാണ്. അന്വേഷണത്തിൽ മരണപ്പെട്ട ജോസഫ് സഞ്ചരിച്ചിരുന്ന മോട്ടോർ സൈക്കിളും KL-54-8689 നമ്പർ യമഹ മോട്ടോർ സൈക്കിളും കൂട്ടിമുട്ടിയതിൽവെച്ചുണ്ടായ അപകടത്തിലാണ് ജോസഫ് മരണപ്പെട്ട-തെന്ന് വെളിവായിട്ടുള്ളതിനാൽ 03.03.2014 -ൽ പ്രതിയെ അറസ്റ്റ് ചെയ്ത് ബഹു: കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുള്ളതാണ്. മരണപ്പെട്ട ജോസഫ് കുര്യന്റെ ഭാര്യയും മറ്റ് നാട്ടുകാരും മരണത്തിൽ ദുരൂഹതയുണ്ടെന്ന് പരാതിപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കേസിന്റെ തുടരന്വേഷണം എറണാകുളം DCRB, DySP നടത്തി വരികയാണ്. |
| (ബി) ലോക്കൽ പോലീസിന്റെ അന്വേഷണം തൃപ്തികരമല്ലാത്ത സാഹചര്യത്തിൽ കേസന്വേഷണം ക്രൈംബ്രാഞ്ചിന് കൈമാറണം എന്നാവശ്യപ്പെട്ട് നൽകിയിരുന്ന 665/വി.ഐ.പി./14/എം (ഹോം) എന്ന നമ്പർ പരാതിയിൽ സ്വീകരിച്ച തുടർ നടപടികൾ വ്യക്തമാക്കാമോ; | (ബി) പ്രത്യേക അന്വേഷണ സംഘം രൂപീകരിച്ച് റിപ്പോർട്ട് സമർപ്പിക്കുവാനായി പരാതി ADGP (Crimes)ന് കൈമാറുകയും CBCID HHW II, EKM യൂണിറ്റ് പ്രസ്തുത പരാതി അന്വേഷിച്ച് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തു. ടി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ടവർക്ക് മറുപടി നൽകുകയും ചെയ്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ക്രൈംബ്രാഞ്ച് അന്വേഷണത്തിൽ ബേബിയുടെ ദുരൂഹ മരണം സംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് പുതുതായി കണ്ടെത്തിയിട്ടുള്ളത്; ക്രൈംബ്രാഞ്ച് അന്വേഷണത്തിന്റെ ചുമതല വഹിക്കുന്ന പ്രധാന ഉദ്യോഗസ്ഥർ ആരെല്ലാമാണ് ; | (സി) | പ്രസ്തുത കേസ് ക്രൈംബ്രാഞ്ചിന് കൈമാറിയിട്ടില്ല. ക്രൈംബ്രാഞ്ച് അന്വേഷണം ആവശ്യപ്പെട്ട് നൽകിയ പരാതിയിന്മേൽ CBCID HHW II, EKM യൂണിറ്റ് അന്വേഷണം നടത്തുകയും അന്വേഷണം കുറ്റമറ്റ രീതിയിൽ നടത്തിവരികയാണെന്ന് റിപ്പോർട്ട് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. |
| (ഡി) | ബേബിയുടെ മരണത്തിന് ഉത്തരവാദികളായ കുറ്റവാളികൾ രക്ഷപ്പെടാതിരിക്കുന്നതിനു വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; | (ഡി) | ഈ കേസ്സിലെ പ്രതിയായ ജയിസൺ (45) എന്നയാളെ 03.03.2014-ൽ അറസ്റ്റ് ചെയ്ത് ബഹു: കോടതി മുമ്പാകെ ഹാജരാക്കി റിമാന്റ് ചെയ്തിട്ടുണ്ട്. |
| (ഇ) | കേസന്വേഷണം ഊർജ്ജിതമാക്കുന്നതിനു- വേണ്ടി എന്തെല്ലാം നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ? | (ഇ) | പ്രസ്തുത കേസിന്റെ തുടരന്വേഷണം എറണാകുളം DCRB DySP ഊർജ്ജിതമായി നടത്തിവരികയാണ്. |

**സെക്ഷൻ ഓഫീസർ**